# മൊഴിയും മൗനവും സുവിശേഷവത്ക്കരണ പാതയിൽ

ബനഡിക്ട് 16-ാമൻ പാപ്പ നല്കുന്ന 2012-ാമാണ്ടിലെ ആഗോള മാധ്യമദിന സന്ദേശം

1. ആശയവിനിമയ പ്രക്രിയയിൽ അവഗണിക്കപ്പെട്ടിരിക്കുന്നതും എന്നാൽ ഇന്ന് ഏറെ അത്യന്താപേക്ഷിതവുമായ മേഖലയെ സ്പർശിക്കുന്നതാണ് 2012-ലെ മാധ്യമദിന സന്ദേശം.
2. മൊഴിയും മൗനവും തമ്മിലുള്ള ബന്ധം അല്ലെങ്കിൽ അനുപാതമാണ് ഈ പ്രത്യേക മേഖല. മൊഴിയും മൗനവും തമ്മിലുള്ള സന്തുലിതാവസ്ഥ/ സമതുലിത പാലിച്ചുകൊണ്ടും അവയുടെ അളവിൽ പ്രായോഗികമായി ആവശ്യാനുസരണം മാറ്റങ്ങൾ വരുത്തിക്കൊണ്ടും, ചിലപ്പോൾ ഒന്നൊന്നിനെ സമന്വയിപ്പിച്ചുകൊണ്ടുമാണ് വ്യക്തികൾ തമ്മിൽ അല്ലെങ്കിൽ സമൂഹങ്ങൾ തമ്മിൽ ആശയവിനിമയത്തിലൂടെ ആഴമായ ബന്ധം സ്ഥാപിക്കുവാനുള്ള മാർഗ്ഗം.
3. മൊഴിയും മൗനവും പരസ്പര പൂരകങ്ങളാകുമ്പോൾ ആശയവിനിമയം അർത്ഥവും മൂല്യവുമാർജ്ജിക്കുന്നു; മറിച്ച് ഒന്നു മറ്റൊന്നിനെ നിഷേധിക്കുമ്പോൾ സംവേദനം നിലച്ച് വ്യക്തിബന്ധങ്ങളിൽ വിള്ളലും സംഭ്രാന്തിയും മന്ദതയും സംഭവിക്കുന്നു.
4. മൗനം ആശയവിനിമയത്തിന്റെ അവിഭക്ത ഘടകമാണ് *or* ആശയനിനിമയത്തിൽനിന്നും മാറ്റിനിറുത്താനാവാത്ത ഘടകമാണ് മൗനം അല്ലെങ്കിൽ നിശ്ശബ്ദത. വാക്കുകൾക്ക് അർത്ഥവത്തായ നിലനില്പുണ്ടാകുന്നത് മൗനത്തിന്റെ പിൻബലത്തിലമാണ് . 4b എന്നിലേയ്ക്ക് തിരിഞ്ഞ് സ്വയം മനസ്സിലാക്കുവാനും നവമായ ആശയങ്ങൾക്ക് രൂപംനല്കാനും അവയെ ആഴപ്പെടുത്താനും സാധിക്കുന്നത് മൗനത്തിന്റെ പ്രശാന്തതയിലാണ്. അതുപോലെ ആന്തരീക മൗനത്തിൽനിന്നുമാണ് മറ്റുള്ളവരെ ശ്രവിക്കുവാനും അവരോട് പറയാനുള്ളത് പറയാനുംവേണ്ട സുവ്യക്തതയും കരുത്തും ആർജ്ജിക്കുന്നത്.
5. ഒരാൾ മൗനംഭജിക്കുമ്പോഴാണ് അപരന് സംവദിക്കാനും തന്നെത്തന്നെ പ്രകടമാക്കാനും ഇടമുണ്ടാകുന്നത്; അങ്ങനെ വാക്കുകൾ സജീവമായി, അതിൽനിന്ന് ചിന്തകൾ ചിറകുവിരിച്ച്, അവ പങ്കുവയ്ക്കുവാനും അവസരം ലഭിക്കുന്നു.
6. അങ്ങനെ മൊഴിയുടെയും മൗനത്തിന്റെയും സന്തുലിതമായ പ്രയോഗമാണ് സംവാദത്തിന് വേദിയൊരുക്കുന്നതും മനുഷ്യബന്ധങ്ങളെ ദൃഢപ്പെടുത്തുന്നതും.
7. സ്നേഹിക്കുന്നവർ അവരുടെ സ്നേഹം പ്രകടമാക്കുന്നതും സംവദിക്കുന്നതും മൗനാന്തരീക്ഷത്തിൽ മുഖഭാവത്തിലൂടെയും ആംഗ്യത്തിലൂടെയും അഭിനയത്തിലൂടെയുമാണ്.
8. മനുഷ്യജീവിതത്തിന്റെ സന്തോഷവും ആകാംക്ഷയും വേദനയുമെല്ലാം മൗനമായും പങ്കുവയ്ക്കാവുന്നതാണ്. യഥാർത്ഥത്തിൽ മനുഷ്യചേതനതന്നെ ആവിഷ്ക്കരണ സമർത്ഥമാകുന്നത് മൗനാന്തരീക്ഷത്തിലാണ്.
9. മനുഷ്യബന്ധങ്ങളുടെ സത്യമായ സ്വഭാവവും തോതും മേന്മയും വെളിപ്പെടുത്തിക്കൊണ്ട് അപരനെ മാനിക്കുവാനും കാതോർക്കുവാനുമുള്ള സൂക്ഷ്മസംവേദനശക്തി വളരുന്നതും മൗനമായിരിക്കുമ്പോഴാണ്.
10. മാധ്യമാധിപത്യവും ആശയവിനിമയ ശ്രേണിയുടെ കുത്തൊഴുക്കുമുള്ള/ ധാരാളിത്തവുമുള്ള നമ്മുടെ ലോകത്ത് ശരിയും തെറ്റും, പ്രസക്തവും അപ്രസക്തവും, ആപേക്ഷികവും സ്ഥായീഭാവമുള്ളവയും തമ്മിൽ പതിരും ഫലവുംപോലെ മെനഞ്ഞെടുക്കാൻ ആന്തരിക മൗനത്തിന്റെ പ്രശാന്തത അനിവാര്യമാണ്.
11. പ്രഥമദൃഷ്ട്യാ പരസ്പരബന്ധമില്ലാത്തതെന്നു തോന്നുന്ന സംഭവങ്ങളിൽ അന്തർലീനമായിരിക്കുന്ന ഉൾച്ചേർച്ചയുടെ പൊരുൾ കണ്ടെത്താനും അവ വിലയിരുത്താനും വിശകലനംചെയ്യാനും നമ്മെ സഹായിക്കേണ്ടത് മൗനമായ വിചിന്തനമാണ് അല്ലെങ്കിൽ ധ്യാനമാണ്. അതുവഴി ഉണരുന്ന ചിന്തോദ്ദീപകവും പ്രസക്തവുമായ ആശയങ്ങളിലൂടെ മാത്രമേ പങ്കുവയ്ക്കാവുന്ന അറിവിന്റെ സ്രോതസ്സ് വളർത്തിയെടുക്കാനാവൂ.
12. ഇതു യഥാർത്ഥ്യമാകണമെങ്കിൽ മൊഴിയുടേയും മൗനത്തിന്റേയും, ദൃശ്യ-ശ്രാവ്യബംബങ്ങളുടേയും മേഖലകൾ തമ്മിലുള്ള ന്യായമായ സന്തുലിതാവസ്ഥ പാലിക്കുന്ന മാധ്യമലോകം അല്ലെങ്കിൽ വിനിമയശ്യ്രംഖല വളർത്തിയെടുക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്.
13. ഇന്നത്തെ ആശയവിനിയ ലോകം അന്വേഷണ ത്വരയിൽ വെമ്പിനില്ക്കുകയാണ്.
14. ആധുനിക മനുഷ്യന്റെ ജീവിതവ്യഗ്രതകളിൽ സമാശ്വാസവും ആശങ്കയിൽ പ്രത്യാശയും, നവമായ ആശയങ്ങളും നല്കിക്കൊണ്ട് അറിവിന്റെ സ്രോതസ്സാകുന്നത് ഇന്ന് സാമൂഹ്യസമ്പർക്ക മാധ്യമശ്യ്രംഖലയും അത്യാധുനിക അന്വേഷണ യന്ത്രങ്ങളുമാണ്. Search engines.

15. ഇന്നുവരെ അപ്രാപ്യവും ഒരു പരിധിവരെ ആവശ്യമല്ലാത്തതും, ചിലപ്പോൾ അനാവശ്യവുമായ അന്വേഷണങ്ങൾക്കുപോലും ഉത്തരംനല്കാൻ ഇന്നിന്റെ ഇന്റെർനെറ്റ് സംവിധാനങ്ങൾക്കു കരുത്തുണ്ട്.
16. ആധുനിക മാധ്യശ്ര്യംഖലയിൽ വന്നുകൂടുന്ന വിവരശേഖരങ്ങളുടെയും വസ്തുതകളുടെയും ഭണ്ഡാരത്തിന്റെ അധികഭാരം മനസ്സിലാക്കി വിവേകപൂർണ്ണമായ വിവേചനം പാലിച്ചുകൊണ്ട് ശരിയും തെറ്റും തിരിച്ചറിയുന്നതിനും, നന്മയിൽ ജീവിക്കുന്നതിന് അനുപേക്ഷണീയമായ മൂല്യം മൗനമാണ്.
17. ആധുനിക വിവരസാങ്കേതികതയുടെ വൈവിധ്യവും സങ്കീർണ്ണവുമായ ലോകത്ത് ഞാനാരാണ്, എനിക്കെന്തറിയണം, എന്താണു ചെയ്യേണ്ടത്, എന്തന്വേഷിക്കണം എന്നീ അസ്തിത്വത്തിന്റെ അടസ്ഥാന ചോദ്യങ്ങൾക്കു മുന്നിൽ മനുഷ്യൻ ഇന്നും ഉത്തരംമുട്ടി നില്കുകയാണ്.
18. ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കുന്നവരെ അംഗീകരിക്കുകയും അവരുമായി ആഴമായ സംവാദത്തിനുള്ള സാദ്ധ്യതകൾ വളർത്തിയെടുക്കുകയും വാചാലമായ വാഗ്ദ്ധോരണിക്കോ ദ്രുതഗതിയിലുള്ള പ്രത്യുത്തരത്തിനോ പകരം മൗനമായ വിചിന്തനത്തിനായുള്ള ക്ഷണത്തിലൂടെ, അവരുടെ അസ്തിത്വത്തിന്റെ അന്തർഗതങ്ങളിൽ എത്തിച്ചേരുകയും, ദൈവംതന്നെ അവരുടെ ഹൃദയാന്തരാളങ്ങളിൽ കോറിയിട്ടിരിക്കുന്ന അറിവിന്റെ അവബോധം കണ്ടെത്താൻ അവരെ സഹായിക്കുകയാണ് വേണ്ടത്.
19. അസ്തിത്വത്തെ ആധാരമാക്കിയുള്ള ഈ അടിസ്ഥാന ചോദ്യങ്ങൾ മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന വലിയ അസ്വസ്തതയും ജീവിതത്തിന് ശരിയായ അർത്ഥംപകരുന്ന അടിസ്ഥാനപരവും ആനുപാതികവുമായ സത്യാന്വേഷണമാണ് വെളിപ്പെടുത്തുന്നത്.
20. ചോദ്യംചെയ്യപ്പെടാത്തതും സംശയാസ്പദവുമായ അഭിപ്രായങ്ങളിലും ജീവിതാനുഭവങ്ങളിലും മുന്നോട്ടു ചരിക്കാൻ ഇന്ന് മനുഷ്യനാവുന്നില്ല. കാരണം എല്ലാവരും സത്യാന്വേഷകരും, ഉള്ളിന്റെ ഉള്ളിൽ സത്യത്തിനായുള്ള അഭിവാഞ്ഛയുള്ളരുമാണ്.
21. ആശയങ്ങൾ സത്യസന്ധമായി പങ്കുവയ്ക്കുന്നവർ തങ്ങളെത്തന്നെയും, അവരുടെ ലോകദർശനവും ആശകളും പ്രത്യാശകളുമാണ് വെളിപ്പെടുത്തുന്നത്.
22. ചിന്തിക്കുവാനും ചിന്തിപ്പിക്കുവാനും, മൗനമായി പ്രാർത്ഥിക്കുവാനും ധ്യാനിക്കുവാനും വചനം പങ്കുവയ്ക്കാനും യഥാർത്ഥത്തിൽ മനുഷ്യരെ സഹായിക്കുന്ന സമ്പർക്ക മാധ്യമ ശ്ര്യംഖലകളെയും, വെബ് സൈറ്റുകളെയും അവയുമായി ബന്ധപ്പെട്ട മറ്റ് ഉപാധികളെയും നാം പ്രത്യേകം തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യേണ്ടതാണ്.
23. *ആശയവിനിമയത്തിൽ നേരിട്ടു വ്യാപൃതരായിരിക്കുന്നവർ ആഴമായ ആന്തരികത വർദ്ധിപ്പിച്ചെടുത്തെങ്കിൽ മാത്രമേ തിരുവചനത്തിൽ നിന്നല്ലെങ്കിൽപ്പോലും, മൂല്യാധിഷ്ഠിതവും ആഴവുമായ ആത്മീയ ചിന്തകൾ മാധ്യമലോകത്ത് സംക്ഷിപ്തമായി പങ്കുവയ്ക്കാനാവുകയുള്ളൂ.*
24. സകലത്തിനും അർത്ഥം നല്കുന്ന സത്യം കണ്ടെത്തുന്നതിനും, അതിൻ പ്രകാരം ജീവിതങ്ങൾ പുനരാവിഷ്ക്കരിക്കുന്നതിനും മൗനവും ഏകാന്തതയും സവിശേഷമായ മാർഗ്ഗങ്ങളായി ലോകമതങ്ങളും നിർദ്ദേശിക്കുന്നുണ്ട്.
25. സ്വയം മനുഷ്യന് വെളിപ്പെടുത്തിയ ദൈവത്തെ ക്രിസ്തുവിലും അവിടുത്തെ കുരിശിലും ദൃശ്യമാകുന്നതുപോലെ, മൗനത്തിന്റെ പ്രശാന്തതയിൽ മനുഷ്യരോടു സംസാരിക്കുന്ന ദൈവത്തെ വിശുദ്ധ ഗ്രന്ഥത്തിന്റെ ഏടുകളിലും നാം കണ്ടെത്തുന്നു.
26. പിതാവിൽ നിന്നുമുണ്ടായ അകൽച്ചയുടെ അനുഭവമാണ്, തന്റെ ജീവിതത്തിന്േറെ ആദ്യഘട്ടത്തിൽ, പുത്രനും മാംസംധരിച്ച വചനവുമായ ക്രിസ്തുവിൽ ദൈവികമൗനമായി നാം കാണുന്നത് – ആദിവചനത്തെ ധ്യാനിച്ച ആന്തരിക മൗനം.
27. മാനുഷിക ബുദ്ധിക്ക് അഗ്രാഹ്യമാംവിധം ഈ ലോകത്തെ ആവരണംചെയ്യുന്ന അന്ധകാരത്തിന്റെ നിമിഷങ്ങളിൽ നിശ്ശബ്ദതയുടെ നിഗൂഢതയിലൂടെ ദൈവം നമ്മോടു സംസാരിക്കുന്നു. *(Verbum Domini 21).*
28. ദൈവസ്നേഹത്തിന്റെ വാചാലത നിഗൂഢമായ മൗനമായിട്ടാണ് കുരിശിലെ പരമയാഗത്തിൽ പ്രകടമായത്.
29. ദുഃഖവെള്ളിയിലെ ക്രിസ്തുവിന്റെ മരണസമയത്ത് നിഗൂഢമായൊരു മൂകത ലോകമെമ്പാടും വ്യാപിച്ചു. എന്നാൽ കല്ലറയിൽ വിശ്രമിച്ച രാജാധിരാജനും ദൈവവുമായ ക്രിസ്തു വലിയ ശനിയാഴ്ചയിലെ തന്റെ ഉത്ഥാനത്തിലൂടെ യുഗങ്ങളായി അന്ത്യവിശ്രമംകൊള്ളുന്ന സകലരേയും ഉയർത്തി. അങ്ങനെ അവിടുത്തെ തിരുമരണത്തിന്റെ മൂകതയിൽനിന്നുമാണ് മനുഷ്യരാശിയോടുള്ള ആർദ്രമായ സ്നേഹത്തിന്റെ ദൈവികസ്വരം ക്രിസ്തുവിലൂടെ സുവിശേഷമായി പ്രപഞ്ചമാകെ പ്രതിധ്വനിക്കുന്നു (പെസഹാരാത്രിയിലെ യാമപ്രാർത്ഥന).
30. ദൈവം മൗനമായി മനുഷ്യോട് സംസാരിക്കുന്നുവെങ്കിൽ, ആ ദൈവത്തോടും ദൈവത്തെക്കുറിച്ചും മൗനമായി ധ്യാനിക്കാൻ മനുഷ്യർക്കും സാധിക്കണം.

*31.* ദൈവിക മൗനത്തിലേയ്ക്കു നമ്മെ നിവേശിപ്പിക്കുകയും രക്ഷാവചനം മാംസംധരിച്ച മുഹൂർത്തത്തിൽ നമ്മെ എത്തിക്കുകയും ചെയ്യുന്ന ധ്യാനാത്മകമായ മൗനമാണ് നമുക്കാവശ്യം *cf. Homily 6 October 2006, International Theological Commission.*

*32.* ദൈവിക മഹത്വം വർണ്ണിക്കാൻ മനുഷ്യന്റെ വാക്കുകൾ എപ്പോഴും അപര്യാപ്തമാകയാൽ ആ മഹത്വത്തെക്കുറിച്ചു മൗനമായി ധ്യാനിക്കാൻ നാം ഇടംകാണണം.

*33.* ധ്യാനത്തിൽനിന്നുയരുന്ന മൗനത്തിന്റെ ആന്തരിക ശക്തിയാൽ ദൈവവുമായി സംവദിക്കുന്നതിനും ദൈവത്തിൽ വിശ്വസിക്കുന്നതിനും, "നാം കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങൾ" മറ്റുള്ളവരോട് പ്രഘോഷിക്കുന്നതിനുള്ള പ്രേഷിത ചൈതന്യവും ഉത്തരവാദിത്വവും ഉടലെടുക്കുകയും ചെയ്യും.

*34.* മൗനമായ ധ്യാനം നമ്മെ സഹോദരങ്ങളോട് അടുപ്പിക്കുകയും അവരുടെ യാതനകളിൽ പ്രതിബദ്ധതയുള്ളവരാക്കുകയും, ക്രിസ്തുവിന്റെ പ്രകാശവും ജീവന്റെ സന്ദേശവും രക്ഷാദാനമാകുന്ന സമ്പൂർണ്ണസ്നേഹവും പങ്കുവയ്ക്കുന്ന ദൈവികൈക്യത്തിൽ ആഴ്ത്തുകയുംചെയ്യും.

*35.* പ്രപഞ്ചം സൃഷ്ടിച്ച നിത്യവചനത്തിന്റെ സാന്നിദ്ധ്യം പൂർവ്വോപരി ശക്തമായി നമ്മുടെ ജീവിതത്തിൽ അനുഭവവേദ്യമാക്കുവാനും, തന്റെ വാക്കാലും പ്രവൃത്തിയാലും മനുഷ്യചരിത്രത്തിൽ ദൈവം നിവർത്തിച്ച രക്ഷാകര പദ്ധതിയെക്കുറിച്ചുള്ള അവബോധം വളർത്തുവാനും മൗനമായ ധ്യാനം നമ്മെ സഹായിക്കും.

*36.* രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നതുപോലെ, ദൈവികപദ്ധതിയുടെ പൂർത്തീകരണം സാധിക്കുന്നത് ആന്തരീക ഐക്യമുള്ള വാക്കുകളും പ്രവൃത്തികളും പരസ്പരം പങ്കുവയ്ക്കുന്നതു വഴിയാണ്. വാക്കുകൾ ഉൾക്കൊള്ളുന്ന യാഥാർത്ഥ്യങ്ങളും തത്വങ്ങളും രക്ഷാകരചരിത്രത്തിൽ ദൈവം ചെയ്ത മഹിമകൾ പ്രതിഫലിപ്പിക്കുന്നു. വാക്കുകൾ പ്രൃത്തികളെ വ്യാഖ്യാനിക്കുകയും അവയിൽ ഉൾക്കൊള്ളുന്ന രഹസ്യം വെളിപ്പെടുത്തുകയും ചെയ്യുന്നു. *(Dei Verbum 2).*

*37.* വെളിപാടിന്റെ പൂർത്തീകരണവും ദൈവിക മദ്ധ്യസ്ഥനുമായ നസ്രായനായ യേശുവിന്റെ വ്യക്തിത്വത്തിലാണ് രക്ഷാകരപദ്ധതി ഈ ഭൂമിയിൽ പൂർത്തിയായത്.

*38.* പിതാവായ ദൈവത്തിന്റെ സത്യമായ മുഖകാന്തി വെളിപ്പെടുത്തിയത് ക്രിസ്തുവാണ്. തന്റെ കുരിശുമരണവും ഉത്ഥാനവുംവഴി പാപത്തിന്റേയും മരണത്തിന്റേയും ബന്ധനങ്ങളിൽനിന്നും നമ്മെ മോചിച്ച് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേയ്ക്ക് മനുഷ്യരെ ഉയർത്തുന്നതും ക്രിസ്തുവാണ്.

*39.* അസ്വസ്തമായ മനുഷ്യഹൃദയങ്ങൾക്ക് മനുഷ്യാസ്തിത്വത്തിന്റെ അർത്ഥതലങ്ങളെക്കുറിച്ചുള്ള അടിസ്ഥാന ചോദ്യങ്ങൾക്ക് ഉത്തരവും ശാശ്വതമായ ശാന്തിയും ലഭിക്കുന്നത് ക്രിസ്തുവിന്റെ മൗതികരഹസ്യങ്ങളെക്കുറിച്ച് ധ്യാനിക്കാം.

*40.* സഭയുടെ ദൗത്യം ഉതിർക്കൊള്ളുന്നതും ഓരോ ക്രൈസ്തവനെയും പ്രത്യാശയുടേയും രക്ഷയുടേയും സന്ദേശവാഹകരാക്കുന്നതും, മനുഷ്യാന്തസ്സുമാനിച്ചുകൊണ്ട് നീതിയും സമാധാനവും വളർത്തുന്ന ദിവ്യസ്നേഹത്തിന്റെ സാക്ഷികളാക്കുന്നതും ക്രിസ്തുവിന്റെ മൗതിക രഹസ്യംതന്നെയാണ്.

*41.* മനുഷ്യൻ അനുദിന ജീവിതത്തിൽ നിശ്വസിക്കുകയും സംസാരിക്കുകയും ചിന്തിക്കുകയും ചെയ്യുന്നതുപോലെതന്നെ ആശയവിനിമയ പ്രക്രിയയുടെ സുപ്രധാന ഘടകങ്ങളാണ് മൊഴിയും മൗനവും. സുവിശേഷപ്രഘോഷകർ നന്നായി ആശയവിനിമയം ചെയ്യുന്നവരായിരിക്കണം. നമ്മുടെ വിനിമയ സരണയിൽ മൗനവും മൊഴിയും ഒരുപോലെ ചേർന്നു നില്ക്കട്ടെ. ഇന്നത്തെ ലോകത്ത് ക്രിസ്തുവിനെ നവമായി പ്രഘോഷിക്കുവാനുള്ള സഭയുടെ നവസുവിശേഷവത്ക്കരണ പദ്ധതിയിലും മൊഴിയും മൗനവും സമഗ്രവും സന്തുലിതവുമായി പങ്കുവയ്ക്കപ്പെടട്ടെ.

*42.* തന്റെ മൗനത്തിലൂടെയും മൗനസമ്മതത്തിലൂടെയും ദൈവവചനം ഹൃദയേ സംഗ്രഹിക്കുകയും ഉദരേ വഹിക്കുകയും അതിനെ പൂവണിയിക്കുകയും ചെയ്ത *(prayer at Loretto, 1 September 2001)* പരിശുദ്ധ കന്യകാ നാഥയ്ക്ക് ആധുനിക സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളിലൂടെയുള്ള എല്ലാ സുവിശേഷവത്ക്കര പദ്ധതികളും സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

*+ ബനഡിക്ട് 16-ാമൻ മാർപാപ്പ*

വത്തിക്കാനിൽനിന്ന് വിശുദ്ധ ഫ്രാൻസിസ് സാലസ്സിന്റെ തിരുനാൾ ദിനത്തിൽ 24 ജനുവരി 2012